# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **3191** — 21-08-2017 ൽ മറുപടിയ്ക്ക്

# മാരിടൈം ബോർഡ് രൂപീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) തുറമുഖ വകുപ്പ് നിർത്തലാക്കി പകരം മാരിടൈം ബോർഡ് രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; | (എ) തുറമുഖ വകുപ്പ് നിർത്തലാക്കി പകരം മാരിടൈം ബോർഡ് രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടില്ല. എന്നാൽ, കേരള സംസ്ഥാന മാരിടൈം വികസന കോർപ്പറേഷനും കേരള മാരിടൈം സൊസൈറ്റിയും നിർദ്ദിഷ്ട മാരിടൈം ബോർഡ് രൂപീകരിച്ച ശേഷം ആ ബോർഡിന് കൈമാറുന്നതിനും അവയിലെ ജീവനക്കാരെ ബോർഡിന്റെ ജീവനക്കാരായി മാറ്റുന്നതിനും കൂടാതെ തുറമുഖ കാര്യാലയങ്ങളിലെ ജീവനക്കാരെ മാരിടൈം ബോർഡിലെ ജീവനക്കാരാക്കുന്നതിനും 2017-ലെ കേരള മാരിടൈം ബോർഡ് ബില്ലിൽ വ്യവസ്ഥ ചെയ്യുന്നു. |
| (ബി) എങ്കിൽ മാരിടൈം ബോർഡ് നിലവിൽ വരുമ്പോൾ, തുറമുഖ വകുപ്പിൽ പി.എസ്.സി. മുഖേന നിയമനം ലഭിച്ച ജീവനക്കാരുടെ പുനർ വിന്യാസം സംബന്ധിച്ച് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്താമോ ? | (ബി) തുറമുഖ കാര്യാലയത്തിലെ ജീവനക്കാരെ ബോർഡിലേക്ക് മാറ്റം ചെയ്യുന്നത് സംബന്ധിച്ച് പ്രസ്തുത ബില്ലിലെ 17-ാം ഖണ്ഡത്തിൽ താഴെ പറയും പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br>" ഈ ആക്റ്റിൽ മറ്റു വിധത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമൊഴികെ, നിശ്ചയിക്കപ്പെട്ട ദിവസവും അന്നുമുതൽക്കും തുറമുഖ കാര്യാലയത്തിലെ ഉദ്യോഗസ്ഥരും മറ്റു ജീവനക്കാരും ബോർഡിന്റെ ഉദ്യോഗസ്ഥരും ജീവനക്കാരുമായി |

ത്തീരുന്നതും, ബോർഡിലേക്ക് മാറ്റം ചെയ്യപ്പെട്ടില്ലായിരുന്നുവെങ്കിൽ അവർ ഉദ്യോഗം വഹിക്കുമായിരുന്ന അതേ കാലാവധിയിലും അതേ പ്രതിഫലത്തോടും അതേ സേവന വേതന വ്യവസ്ഥകളോടും അവർക്ക് അനുവദിക്കുമായിരുന്ന പെൻഷനും ഗ്രാറ്റുവിറ്റിക്കും മറ്റു കാര്യങ്ങൾക്കും അതേ അവകാശവും അധികാരവും ഉണ്ടായിരിക്കുന്നതും ബോർഡിന്റെ കീഴിലുള്ള ജോലി യഥാവിധി അവസാനിക്കുന്നതുവരെയോ സേവന വേതന വ്യവസ്ഥകൾ യഥാവിധി ബോർഡ് റെഗുലേഷൻ മുഖേന മാറ്റം വരുത്തുന്നതു വരെയോ അപ്രകാരം തുടരേണ്ടതുമാണ്"

സെക്ഷൻ ഓഫീസർ